വയോമിത്രം പദ്ധതിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുവാൻ തയ്യാറുള്ള മുനിസിപ്പാലിറ്റികൾക്കാണ് പദ്ധതി അനുവദിക്കുന്നത്.

(ബി) വയോജനങ്ങളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും ഊന്നൽ നൽകിക്കൊണ്ട് വയോജനങ്ങൾക്ക് ഒത്തുകൂടുന്നതിനായി 16-11-2013 ലെ സ.ഉ.(എം‌എസ്.) നമ്പർ 362/2013/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പകൽ വീടുകളും വൃദ്ധസദനങ്ങളും സ്ഥാപിക്കാവുന്നതാണ്. പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ 5% വികലാംഗരുടെയും വൃദ്ധരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഡേ കെയർ സെന്ററും ഓരോ ബ്ലോക്ക് പഞ്ചായത്തിലും കമ്മ്യൂണിറ്റി ഡേ കെയർ സെന്ററുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയം 2013 വിഭാവനം ചെയ്യുന്നുണ്ട്.

ആശ്വാസ കിരണം പദ്ധതി

221 (7520) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്വാസകിരണം പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആശ്വാസകിരണം പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ആശ്വാസകിരണം പദ്ധതിപ്രകാരം ഏതുമാസംവരെയുള്ള തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുടിശ്ശികത്തുക എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 57,570 ഗുണഭോക്താക്കളാണുള്ളത്.

(ബി) ഗുരുതരമായ മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി, ഓട്ടിസംമൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബരായവർ തുടങ്ങി അവശത അനുഭവിക്കുന്നവരെ മുഴുവൻ സമയവും പരിചരിക്കുന്നവർക്കുള്ള ധനസഹായ പദ്ധതിയാണ് ആശ്വാസകിരണം. ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയും നഗര പ്രദേശങ്ങളിൽ 22,375 രൂപയും വാർഷിക കുടുംബവരുമാനം ഉള്ളവർക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.

(സി) 2014 ഏപ്രിൽ മാസം വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കുടിശ്ശിക തുക 2014 ജൂലൈ മാസം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly